REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ദേശീയപാതയുടെ പുനർ നിർമ്മാണം പൂർത്തിയാക്കിയ ഭാഗങ്ങൾ അടുത്ത് തന്നെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പുനർനിർമ്മിച്ച AC റോഡ് മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു.**
- **വേമ്പനാട് കായലിന് കുറുകെ നിർമ്മിച്ച പെരുമ്പളം പാലം മുഖ്യമന്ത്രി അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.**
- **നാളെ അന്താരാഷ്ട്ര വനിതാ ദിനം. രാഷട്രപതി ദ്രൗപദി മുർമു ദിനാഘോഷ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തും.**
- **പ്രതിപക്ഷ നേതാവ് VD സതീശന്റെ പുതുയുഗ യാത്ര ഇന്ന് സമാപിക്കും.**
- **ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, ചെന്നൈയിൻ FC യെ കൊച്ചിയിൽ നേരിടും.**

## വാർത്തകൾ വിശദമായി

ദേശീയപാതയുടെ പുനർ നിർമ്മാണം പൂർത്തിയാക്കിയ ഭാഗങ്ങൾ അടുത്ത് തന്നെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി ഇക്കാര്യം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആലപ്പുഴയിൽ നവീകരിച്ച AC റോഡും, പടഹാരം പാലവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. 'റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്' പദ്ധതിയിലാണ് AC റോഡ് നവീകരിച്ചത്.

ചങ്ങനാശ്ശേരി പെരുന്ന ജംഗ്ഷൻ മുതൽ ആലപ്പുഴ കളർകോട് ജംഗ്ഷൻ വരെയുള്ള 24.164 കിലോമീറ്ററിലേറെ ദൂരമാണ് 752 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുനർനിർമ്മിച്ചിരിക്കുന്നത്.

അഞ്ച് ഫ്ലൈ ഓവറുകൾ, നാല് വലിയ പാലങ്ങൾ, 14 ചെറിയ പാലങ്ങൾ, മൂന്ന് കോസ്‌വേകൾ, 73 കലുങ്കുകൾ എന്നിവ ഇതിന്റെ ഭാഗമായി നിർമ്മിച്ചു. റോഡിന് ഇരുവശവും ടൈൽ പാകിയ നടപ്പാതകളും ഓടകളും സജ്ജീകരിച്ചിട്ടുണ്ട്. പ്രളയകാലത്ത് വെള്ളം കയറാത്ത രീതിയിൽ ഉയർത്തിയാണ് പാത നിർമ്മിച്ചിരിക്കുന്നത്.

✪✪✪

വേമ്പനാട് കായലിന് കുറുകെ നിർമ്മിച്ച പെരുമ്പളം പാലം മുഖ്യമന്ത്രി പിണറായി വിജയൻ അല്പസമയത്തിനകം നാടിന് സമർപ്പിക്കും. കായലിന് കുറുകെ നിർമ്മിച്ച സംസ്ഥാനത്തെ ഏറ്റവും നീളമേറിയ പാലമാണിത്. കിഫ്ബിയിലൂടെ 106 കോടി രൂപ വകയിരുത്തിയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. ചെല്ലാനത്ത് നിർമ്മിച്ച കടൽഭിത്തിയുടെ ഒന്നാം ഘട്ട പൂർത്തീകരണ പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

LDF ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് വയനാട് ടൗൺഷിപ്പെന്നും അതിനെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തേണ്ടതില്ലെന്നും CPIM ജനറൽ സെക്രട്ടറി MA ബേബി വ്യക്തമാക്കി. ഇതിന്റെ പേരിൽ ഇടതുമുന്നണി വോട്ട് ചോദിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും ബേബി വയനാട്ടിൽ പറഞ്ഞു. ജനങ്ങൾക്ക് ഇതേപറ്റി വ്യക്തമായ ധാരണയുണ്ട്.

പാർട്ടിയിലെ വിമത സ്വരങ്ങൾ ഒറ്റപ്പെട്ടതാണെന്നും പാർട്ടി അനുദിനം വളരുമ്പോൾ ചില കോശങ്ങൾ നശിച്ചുപോകുന്നതുപോലെയാണ് പി കെ ശശി വിഷയമെന്ന് ബേബി പ്രതികരിച്ചു.

ശാരീരിക അവശത മൂലമാണ് പെരുമ്പളം പാലം ഉദ്ഘാടന ചടങ്ങിൽ G സുധാകരൻ എത്താത്തതെന്നും CPIM ന്റെ കരുത്താണ് അദ്ദേഹമെന്നും പറഞ്ഞ ബേബി പാർട്ടി അംഗത്വം പുതുക്കാൻ സമയം നീട്ടി നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ ദേശീയ തല അന്താരാഷ്ട്ര വനിതാ ദിനാഘോഷ പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തും. മനേക്-ഷാ സെന്ററിൽ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയമാണ് പരിപാടി

സംഘടിപ്പിക്കുന്നത്. വകുപ്പ് മന്ത്രി അന്നപൂർണ ദേവിയും സഹമന്ത്രി സാവിത്രി താക്കൂറും പരിപാടിയിൽ പങ്കെടുക്കും.

150-ലേറെ മന്ത്രാലയങ്ങളിലേയും, വകുപ്പുകളിലേയും, സംഘടനകളിലേയും ആയിരത്തോളം വനിതാ ജീവനക്കാർ പങ്കെടുക്കുന്ന പരിപാടിയിൽ സായുധ സേനയിലേയും, പോലീസിലേയും, മറ്റ് മേഖലകളിലേയും പ്രതിനിധികൾ പങ്കെടുക്കും.

ഡെസ്ക് റിപ്പോർട്ട്........

.........വോയ്സ്........

ഉദ്ഘാടന പരിപാടിക്ക് ശേഷം 'പുതിയ തൊഴിൽ നിയമവും വനിതാ ശാക്തീകരണവും', 'വനിതാ സ്വയം സഹായ സംഘങ്ങൾ സംരംഭകരാകുമ്പോൾ' എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചയും സംഘടിപ്പിച്ചിട്ടുണ്ട്.

ന്യൂഡൽഹിയിൽ വനിതാ - ശിശു വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ വനിതകൾ നയിക്കുന്ന നടത്തം - ശക്തി വോക്ക് നാളെ സംഘടിപ്പിക്കും. രാവിലെ ഏഴര മുതൽ പത്തുവരെ ഇന്ത്യ ഗേറ്റിൽ നിന്ന് കർത്തവ്യ പഥത്തിലൂടെ വിജയ് ചൗക്കിലേക്കാണ് യാത്ര. വിവിധ മേഖലകളിലെ വനിതകളുടെ നേതൃത്വവും സംഭാവനകളും വനിതാ സുരക്ഷയിലും ശാക്തീകരണത്തിലും ഗവൺമെന്റിന്റെ പ്രതിബദ്ധത എന്നിവ ലക്ഷ്യമിട്ടാണ് നടത്തം. വനിതാ കേന്ദ്രമന്ത്രിമാരും സഹമന്ത്രിമാരും എം പിമാരും മറ്റ് ജനപ്രതിനിധികളും നടത്തത്തിന് നേതൃത്വം നൽകും.

✪✪✪

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് "നമ്മുടെ കേരളം സ്ത്രീപക്ഷ കേരളം" മുദ്രാവാക്യവുമായി ജോയിന്റ് കൗൺസിൽ വനിതാ കമ്മിറ്റി സംസ്ഥാന വ്യാപകമായി ഇന്ന് "ഹാപ്പി വിമെൻ വനിതാ കൂട്ടായ്മകൾ' സംഘടിപ്പിക്കും. സിവിൽ സർവീസിലെ വനിതാ ജീവനക്കാരുടെ പങ്കാളിത്തത്തോടെ മുഴുവൻ ജില്ലാ കേന്ദ്രങ്ങളിലും വനിതാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.

✪✪✪

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ഫിറ്റ് ഇന്ത്യ കാർണിവലിന്റെ രണ്ടാം പതിപ്പിന് ഇന്ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തുടക്കമാകും. പരിപാടിയുടെ സമാപനത്തിനുശേഷം 8, 9, 10 തീയതികളിൽ കാർണിവലും സംഘടിപ്പിക്കും. വനിതാ അത്‌ലറ്റുകളും പ്രചോദകരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ജൻ ഔഷധി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസകൾ നേർന്നു. പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി പരിയോജനയിലൂടെ അനേകം കുടുംബങ്ങൾ ആരോഗ്യ സംരക്ഷണ ചെലവുകൾ ലാഭിക്കുകയും ശരിയായ ചികിത്സ നേടുകയും ചെയ്യുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ പൗരന്മാർക്ക് ഗുണനിലവാരത്തോടെ താങ്ങാവുന്ന വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിലെ ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് ഈ സംരംഭം പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 18,300 കോടി രൂപയുടെ ഡൽഹി മെട്രോ പദ്ധതി,ഡൽഹി മെട്രോയുടെ രണ്ട് പുതിയ ഇടനാഴികൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

✪✪✪

സ്പീക്കർ ഓം ബിർളയെ മാറ്റണമെന്ന പ്രമേയം മറ്റന്നാൾ ലോക്സഭ പരിഗണനയ്ക്കെടുക്കും. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം പാദം ആരംഭിക്കുന്ന ദിവസം തന്നെയാണ് പ്രമേയത്തിന്റെ പരിഗണന. സ്പീക്കർ പക്ഷപാതപരമായി പെരുമാറുന്നു എന്നാരോപിച്ച് കഴിഞ്ഞ മാസമാണ് പ്രതിപക്ഷം ലോക്സഭാ സെക്രട്ടറി ജനറലിന് അവിശ്വാസ പ്രമേയ നോട്ടീസ് സമർപ്പിച്ചത്. കോൺഗ്രസ് ഉൾപ്പെടെ പ്രതിപക്ഷ പാർട്ടികളിലെ 118 MP മാർ നോട്ടീസിൽ ഒപ്പുവെച്ചിട്ടുണ്ട്.

കൊടിക്കുന്നിൽ സുരേഷ് ഉൾപ്പെടെ മൂന്ന് കോൺഗ്രസ് MP മാരാണ് പ്രമേയനോട്ടീസ് കൊണ്ടുവന്നത്. BJP യും, കോൺഗ്രസും തിങ്കളാഴ്ചയും, ചൊവ്വാഴ്ചയും സഭയിൽ ഹാജരാകാൻ അംഗങ്ങൾക്ക് മൂന്ന് വരി വിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷം തുടരുന്ന സാഹചര്യത്തിൽ ഗൾഫ് മേഖലയിലെ കപ്പൽ ഗതാഗതത്തിന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സുരക്ഷാ ഇൻഷുറൻസ് പ്രഖ്യാപിച്ചു. 2000 കോടി ഡോളറാണ് ഇൻഷുറൻസ് തുക.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ ഇറാന് സൗദി അറേബ്യ മുന്നറിയിപ്പ് നൽകി. ഗൾഫ് രാജ്യങ്ങളിലെ അമേരിക്കൻ സൈനിക ക്യാമ്പുകളിലേക്ക് ഇറാൻ, ബാലിസ്റ്റിക് മിസൈൽ ആക്രമണം നടത്തുന്ന പശ്ചാത്തലത്തിലാണ് സൗദി അറേബ്യയുടെ മുന്നറിയിപ്പ്.

✪✪✪

സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനും ഉടനടി പരിഹാരം ഉറപ്പാക്കുന്നതിനും ഇന്ന് മുതൽ രാജ്യവ്യാപകമായി മഹിള ജൻ സുൻവായ് സംഘടിപ്പിക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ അറിയിച്ചു. ഇതിലൂടെ 15,000 ത്തോളം പരാതികൾ പരിഹരിക്കാനും ഇരകൾക്ക് പിന്തുണ നൽകാനും, പ്രതികരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും കഴിയുമെന്ന് കമ്മീഷൻ അധ്യക്ഷ വിജയ രഹത്കർ വിലയിരുത്തി.

✪✪✪

പൊതുമേഖലാ എണ്ണക്കമ്പനികൾ പാചക വാതക വില വർദ്ധിപ്പിച്ചു. ഗാർഹിക സിലിണ്ടറിന് 60 രൂപയാണ് വർധന. വാണിജ്യ സിലിണ്ടറിന് 115 രൂപയും വർദ്ധിപ്പിച്ചു. രാജ്യന്തര വിപണിയിലെ ക്രൂഡ് ഓയിൽ വില കുതിച്ചുയർന്നതാണ് പാചക വാതക വിലക്കയറ്റത്തിന് കാരണമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു. വില വർദ്ധന പ്രാബല്യത്തിൽ വന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിലെ കോൺഗ്രസ് സ്ഥാനാർത്ഥി പ്രഖ്യാപനം ഉടനുണ്ടാകുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. വിജയസാധ്യത മാത്രം മാനദണ്ഡമാക്കിയാകും സ്ഥാനാർത്ഥികളെ നിശ്ചയിക്കുകയെന്നും, നൂറിലധികം സീറ്റുകൾ നേടി പാർട്ടി അധികാരത്തിൽ തിരിച്ചെത്തുമെന്നും വേണുഗോപാൽ പീരുമേട്ടിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി ശിവഗിരിമഠം സന്ദർശിച്ചു. പത്തരയോടെ ശിവഗിരിയിലെത്തിയ രാഹുൽ ഗാന്ധി ശ്രീനാരായണഗുരുവിന്റെ മഹാസമാധി മന്ദിരത്തിൽ പുഷ്പങ്ങളർപ്പിച്ച് പ്രാർത്ഥിച്ചു. ശിവഗിരി മഠാധിപതി ശ്രീമദ് സച്ചിദാനന്ദ സ്വാമി രാഹുൽ ഗാന്ധിയെ ഷാൾ അണിയിച്ചു.

തുടർന്ന് രാഹുൽ ഗാന്ധി, മഹാത്മ ഗാന്ധിയും രവീന്ദ്രനാഥ ടാഗോറും ശിവഗിരിയിലെത്തിയ വേളയിൽ ശ്രീനാരായണ ഗുരുവുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഇടമായ വൈദീകമഠത്തിലെത്തി. ശിവരിമഠം ഗസ്റ്റ് ഹൗസിൽ സന്യാസിമാരുമായി കൂടിക്കാഴ്ച നടത്തിയ ശേഷം അദ്ദേഹം

തിരുവനന്തപുരത്തേക്ക് പോയി. K. C . വേണുഗോപാൽ, അടൂർ പ്രകാശ്, P.C. വിഷ്ണുനാഥ് തുടങ്ങിയ കോൺഗ്രസ് നേതാക്കൾ ഒപ്പമുണ്ടായിരുന്നു.

✪✪✪

എല്ലാം ശരിയാകും എന്നു പറഞ്ഞു വന്ന CPIM ഒന്നും ശരിയാക്കാതെ വിവാദങ്ങൾ സൃഷ്ടിച്ച് തിരഞ്ഞെടുപ്പിനെ നേരിടാൻ ശ്രമം നടത്തുകയാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.

തിരുവനന്തപുരം നേമം നിയോജക മണ്ഡലത്തിലെ വികസന മുരടിപ്പ് ആരോപിച്ച് മന്ത്രി V ശിവൻകുട്ടിയുടെ MLA ഓഫീസിനു മുന്നിൽ സംഘടിപ്പിച്ച 'പൊതുജന രോഷം' സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജീവ് ചന്ദ്രശേഖർ.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശന്റെ പുതുയുഗ യാത്ര ഇന്ന് സമാപിക്കും. വൈകീട്ട് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് സമാപന സമ്മേളനം ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി ആറിന് കാസർകോട് നിന്നാണ് UDF ന്റെ പുതുയുഗ യാത്ര ആരംഭിച്ചത്.

✪✪✪

കണ്ണൂർ ഡിഫൻസ് സെക്യൂരിറ്റി ഫോഴ്സ്, ഫ്ലാഗ് ഫൗണ്ടേഷൻ ഇന്ത്യയുമായി ചേർന്ന് കണ്ണൂരിൽ കൂറ്റൻ ദേശീയ പതാക ഉയർത്തി. ഇന്റഗ്രേറ്റഡ് ട്രയിനിംഗ് ഡയറക്ടർ ലഫ്റ്റനന്റ് ജനറൽ അജയ് രാംദേവ് പതാക ഉയർത്തി .

കണ്ണൂരിൽ നിന്ന് KO ശശിധരൻ

....... വോയ്സ്..........

കണ്ണൂർ ഡി എസ് സി റോക്കോർഡ്സിന് എതിർവശത്തുള്ള മേജർ സന്ദീപ് ഉണ്ണികൃഷ്ണന്റെ സ്മാരക മൈതാനിക്ക് മുൻവശത്താണ് ദേശീയ പതാക സ്ഥാപിച്ചത്. 16 അടി വീതിയിലും 24 അടി നീളത്തിലുമുള്ള ദേശീയപതാക 72 അടി ഉയരമുള്ള ഫ്ലാഗ് പോസ്റ്റിൽ ആണ് ഉയർത്തിയത്.

ഫ്ലാഗ് ഫൗണ്ടേഷന്റെ 208ാം മത് ഫ്ലാഗ് പോസ്റ്റാണ് കണ്ണൂർ ഡി എസ് സി ക്ക് വേണ്ടി സ്ഥാപിച്ചത്. നാഷണൽ ഫ്ലാഗ് ഫൗണ്ടേഷൻ സി ഇ ഒ റിട്ട. മേജർ ജനറൽ അഷിം കൊഹ്‌ലി, DSC കമാണ്ടർ കേണൽ പരംവീർസിംഗ് നാഗ്ര എന്നിവർ സംബന്ധിച്ചു

✪✪✪

പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്രശിക്ഷാ കേരളം, കൊച്ചിൻ ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റി എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന കണ്ണൂർ ജില്ലാതല ക്രിയേറ്റീവ് ഫെസ്റ്റ് ആരംഭിച്ചു. ഗവൺമെന്റ് TTI ക്യാമ്പസിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ ചെന്നൈയിൻ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. മറ്റൊരു മത്സരത്തിൽ മുഹമ്മദൻസ്, ബംഗളുരു FC യെ നേരിടും. വൈകിട്ട് അഞ്ചിന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

ഏഷ്യൻ കപ്പ് വനിതാ ഫുട്ബോളിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. ഓസ്ട്രേലിയയിലെ പെർത്തിൽ വൈകീട്ട് 4.30 നാണ് മൽസരം.

✪✪✪

ബെർമിംഗ്ഹാമിൽ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസിൽ ലക്ഷ്യാസെൻ സെമിയിൽ പ്രവേശിച്ചു. ചൈനീസ് താരം ലി ഷി ഫെങിനെ ക്വാർട്ടറിൽ പരാജയപ്പെടുത്തിയാണ് ലക്ഷ്യാസെൻ സെമിയിലെത്തിയത്. ഇന്ന് ആദ്യസെമിയിൽ കാനഡയുടെ വിക്ടർ ലായിയെ ലക്ഷ്യാസെൻ നേരിടും.

✪✪✪

അങ്കമാലിയിൽ വാഹനാപകടത്തിൽ ജാസ്ലിയ എന്ന വിദ്യാർത്ഥിനി മരിച്ച സംഭവത്തിൽ ഡോക്ടർ സിറിയക് ജോർജിനെ കോടതി റിമാൻഡ് ചെയ്തു. ഇന്നലെയാണ് വാഗമണ്ണിൽ നിന്നും ഇയാൾ പൊലീസ് പിടിയിലായത്.

✪✪✪

ഇസ്ലാമിക ചരിത്രത്തിലെ ബദർ യുദ്ധത്തിന്റെ സ്മരണ പുതുക്കി വിശ്വാസികൾ ഇന്ന് ബദർ ദിനം ആചരിക്കുന്നു. ബദർ ദിനത്തോടനുബന്ധിച്ച് ഇന്ന് പള്ളികളിലും വീടുകളിലും പ്രത്യേകം പ്രാർത്ഥനകളും മൗലിദ് പാരായണവും നടത്തും.

✪✪✪

News Editor : ശ്രുതി M, News Reader: മണികണ്ഠൻ NRTs: അനിൽ ചന്ദ്രൻ, രജിന K, DEO: CK സുബോധ്